# ഹൈക്കുവിനെപ്പറ്റി വീണ്ടും (രണ്ടാം ഭാഗം)

## സുധീർ പണിക്കവീട്ടിൽ

പാശ്ചാത്യ സാഹിത്യത്തിലെ സംഭവ വികാസങ്ങൾ നിരീക്ഷിക്കുകയും അത്തരം പരീക്ഷണങ്ങൾക്ക് മുതിരുകയും ചെയ്യുന്നത് ഭാരതീയ ഭാഷകളിലെ എഴുത്തുകാരി ലൊക്കെ കാണാവുന്ന ഒരു പ്രവണതയാണു. ജാപ്പാനീസ് ഹൈക്കു എന്ന കവിതാരൂപം ഇംഗ്ലീഷ് ഭാഷയിൽ പ്രത്യക്ഷപ്പെട്ടപ്പോൾ ഭാരതത്തിലെ മിക്ക ഭാഷയിലുമുള്ള കവികൾ ആ തരത്തിലുള്ള രചന ആരംഭിച്ചു. രവീന്ദ്രനാഥ് റ്റാഗോർ ബംഗാളിയിൽ ഹൈക്കു കവിതകൾ പരീക്ഷിച്ചതായി നമ്മൾ കാണുന്നു. എന്നാൽ ഭാരതീയ ഭാഷകളിലെല്ലാം തന്നെ ഹൈക്കു പോലുള്ള കവിത സമ്പ്രദായം നില നിന്നിരുന്നു. അവയെ പോഷിപ്പിക്കാനോ അതെക്കുറിച്ച് പഠിക്കാനോ ശ്രമിക്കാതെ വിദേശവും വിദേശ നിർമ്മിത സാധനങ്ങളും ആഗ്രഹിക്കുന്ന ഭാരതീയർ മറ്റ് ഭാഷയിലെ രചന സങ്കേതങ്ങൾ തേടിപോയി.

1330 ഈരടികളിലായി തിരുവള്ളുവർ കുറിച്ച തിരുക്കുറൽ തമിൾ ഭാഷയിലെ "വെമ്പ" എന്ന കവിത സമ്പ്രദായമാണു. ഹൈക്കുവിനോട് വളരെ സാമ്യമുള്ള ഒരു രചനയാണിത്. മഹാനായ സുബ്രമുണ്യ ഭാരതിയാണു 1916 ൽ ഹൈക്കു കവിതകൾ തമിൾ ഭാഷക്ക് പരിചയപ്പെടുത്തിയത് എന്ന് കാണുന്നു. എന്നാൽ സുജാത എന്ന തൂലികാ നാമത്തിൽ തമിൾ ഭാഷയിൽ എഴുതിയിരുന്ന രംഗരാജനാണു ഹൈക്കു കവിതകളെ തമിൾ വായനക്കാർക്ക് കൂടുതലായി പരിചയപ്പെടുത്തിയത് എന്നും വാദിക്കുന്നവരുണ്ട്.. ഹൈക്കു എന്താണെന്നുള്ള ചോദ്യത്തിനു അദ്ദേഹത്തിൻെറ മറുപടി ഇങ്ങനെയായിരുന്നു. മൂന്നു വരികൾ, രണ്ടു ചിത്രങ്ങൾ, ഒരു ജിജ്ഞാസ (അല്ലെങ്കിൽ ആശ്ചര്യം). പ്രശസ്ത ഭാഷാശാസ്ത്രപണ്ഡിതനും മദ്രാസ് സർവ്വകലശാലയിലെ മുൻ വൈസ് ചാൻസലറുമായിരുന്ന ഡോക്ടർ കോതണ്ഡരാമൻ ഒരു പ്രസംഗത്തിൽ പറഞ്ഞത് ഭാഷയെ നാലായി തിരിക്കാമെന്നാണൂ. അവ :ദ്രാവിഡിയിൽ, ഇൻഡൊ ആര്യൻ, റ്റിബറ്റൊ ബർമൻ, ആസ്റ്റ്രൊ ഏഷ്യാറ്റിക്.ദ്രാവിഡിയിൻ ഭാഷയെപ്പറ്റിയുള്ള താരതമ്യപഠനത്തിൽ ഡൊക്ടർ കാൾഡ്വെൽ ജപ്പാൻ ഭാഷക്ക് ദ്രാവിഡിയൻ ഭാഷയുമായി ബന്ധമുണ്ട് എന്ന് കാണുകയുണ്ടായി. പ്രശസ്ത ഭാഷാശാസ്ത്രപണ്ഡിതനും മദ്രാസ് സർവ്വകലശാലയിലെ മുൻ വൈസ് ചാൻസലറുമായിരുന്ന ഡോക്ടർ കോതണ്ഡരാമൻ ഒരു പ്രസംഗത്തിൽ പറഞ്ഞത് ഭാഷയെ നാലായി തിരിക്കാമെന്നാണൂ. അവ :ദ്രാവിഡിയിൽ, ഇൻഡൊ ആര്യൻ, റ്റിബറ്റൊ ബർമൻ, ആസ്റ്റ്രൊ ഏഷ്യാറ്റിക്.ദ്രാവിഡിയിൻ ഭാഷയെപ്പറ്റിയുള്ള താരതമ്യപഠനത്തിൽ ഡൊക്ടർ കാൾഡ്വെൽ ജപ്പാൻ ഭാഷക്ക് ദ്രാവിഡിയൻ ഭാഷയുമായി ബന്ധമുണ്ട് എന്ന് കാണുകയുണ്ടായി. ആഖ്യ, ആഖ്യാതം, കർമ്മമെന്ന ഭാരതീയ ഭാഷകളിലെ വ്യാകരണ സിദ്ധാന്തവും ജപ്പാനീസ് ഭാഷയിലെ അതെപോലെയുള്ള നിബന്ധനകളും തമിഴുമായി ജപ്പാനീസ് ഭാഷയെ ഇണക്കുന്നു എന്ന് അദ്ദേഹം വിവരിച്ചു. അദ്ദേഹത്തിൻെറ അഭിപ്രായത്തിൽ "വെമ്പ" എന്ന തമിൾ കവിത രൂപത്തിൽ നിന്നാണു ഹൈക്കു ഉണ്ടായത്.

അതേപോലെ ഹിന്ദിയിലെ ദോഹയും, പഞ്ചാബിയിലെ മഹിയയും ഹൈക്കുവിനോട്

സാമ്യമുള്ളതാണു. ഭാരതത്തിലെ മിക്ക ഭാഷയിലേയും കവിതകളുടെ ഉള്ളടക്കതിന്റെ സാരം അക്ഷരാർത്ഥത്തിലല്ല നമ്മൾ മനസ്സിലാക്കുന്നത്. ശരിയായ അർത്ഥം സൂചനകളിലൂടെ നമ്മെ മനസ്സിലാക്കിക്കുന്നു. അതേപോലെ ഹിന്ദിയിലെ ദോഹയും, പഞ്ചാബിയിലെ മഹിയയും ഹൈക്കുവിനോട് സാമ്യമുള്ളതാണു. ഭാരതത്തിലെ മിക്ക ഭാഷയിലേയും കവിതകളുടെ ഉള്ളടക്കതിന്റെ സാരം അക്ഷരാർത്ഥത്തിലല്ല നമ്മൾ മനസ്സിലാക്കുന്നത്. ശരിയായ അർത്ഥം സൂചനകളിലൂടെ നമ്മെ മനസ്സിലാക്കിക്കുന്നു. രണ്ടു വരിയിലുള്ള "മഹ്യ" എന്ന പഞ്ചാബി കവിതാരൂപത്തിലെ ഒരു ഉദാഹരണം. "പൂങ്കുയിലുകൾ പാടുന്നു. ദുഷ്ടനായ കാക്കെ നീ എന്താണു മിണ്ടാത്തത്". മാമ്പൂക്കൾ വിരിയുമ്പോൾ കുയിലുകൾ പാടുന്നു. വളരെ മോഹിപ്പിക്കുന്ന ഒരു രംഗമാണത്. കാറ്റിൽ പറന്ന് വരുന്ന മാമ്പൂക്കളുടെ മണം, കുയിലിന്റെ ഹ്രുദയഹാരിയായ സംഗീതം, പ്രക്രുതി അങ്ങനെ പുളകം കൊള്ളുമ്പോൾ വിരഹിണിയായ ഒരു കാമുകിയുടെ ശോകനിർഭരമായ ഒരു അപേക്ഷയായി അതിനെ കാണാം. ഭാരതീയ സങ്കൽപ്പങ്ങൾ അനുസരിച്ച് കാക്ക ശബ്ദ്ദമുണ്ടാക്കുമ്പോൾ വിരുന്നുകാർ വരുമെന്നാണു. ഹ്രുദയമിടിപ്പോടെ പ്രിയനെ കാത്തിരിക്കുന്ന പെൺകുട്ടി കാക്കയൊന്ന് വിരുന്ന് വിളിക്കാൻ ആശിക്കുന്നു. ജപ്പാനീസ് ഭാഷയോ അവിടെ പ്രചാരമുണ്ടായിരുന്ന ഹൈക്കുവിനെയോക്കുറിച്ച് യാതൊരു രൂപവുമില്ലാതിരുന്ന ഹിന്ദി ഭാഷ കവികളും ഹൈക്കു പോലെ കവിതകൾ എഴുതിയിരുന്നു. അത്തരത്തിലുള്ളൊരു ഒരു ഹിന്ദി കവിതയുടെ ഏകദേശ വിവർത്തനം നോക്കുക. " പൂക്കളിൽ നിന്നും പൂക്കളിലേക്ക് ചാടി നടക്കുന്ന പൂമ്പാറ്റകൾ, കാമദേവന്റെ പ്രേമലേഖനങ്ങൾ". ജപ്പാനീസ് ഭാഷയോ അവിടെ പ്രചാരമുണ്ടായിരുന്ന ഹൈക്കുവിനെയോക്കുറിച്ച് യാതൊരു രൂപവുമില്ലാതിരുന്ന ഹിന്ദി ഭാഷ കവികളും ഹൈക്കു പോലെ കവിതകൾ എഴുതിയിരുന്നു. അത്തരത്തിലുള്ള ഹിന്ദി കവിതയുടെ ഏകദേശ വിവർത്തനം നോക്കുക. " പൂക്കളിൽ നിന്നും പൂക്കളിലേക്ക് ചാടി നടക്കുന്ന പൂമ്പാറ്റകൾ, കാമദേവന്റെ പ്രേമലേഖനങ്ങൾ" കിളി പറന്നുപോയി, ഇല വിറച്ചു, പിന്നെ നിശ്ചലമായി. ഈ വരികളിലെല്ലാം ഒരു അപൂർണ്ണത അനുഭവപ്പെടാം. അതാണു് ഹൈക്കു കവിതകളെ മറ്റുള്ളവയിൽ നിന്നും വ്യത്യസ്ഥമാക്കുന്നത്. ഇലകളിൽ വന്നിരിക്കുന്ന കിളി എന്തൊ കണ്ട് ഭയപ്പെട്ട് പറന്നുപോകുന്നു. കിളി വന്നിരുന്നപ്പോൾ പറന്നപ്പോൾ ഇളകുന്ന ഇല, പിന്നെ അത് വീണ്ടും നിശ്ചലമാകുന്നു. ബംഗാളി കവികളുടെ ഹൈക്കു സാഹിത്യഭംഗിയും മനോഹരവുമാണു്. ഒരുദാഹരണം.ആകാശത്തിന്റെ ചുംബനങ്ങൾ ഏറ്റു വാങ്ങുന്ന ഭൂമി അതിനു പകരമായി പുഷ്പ്പിച്ച് നിൽക്കുന്നു. വടക്കൻ കാറ്റ് ഒരു മുക്കുവൻ ബീഡി കത്തിക്കാൻ പ്രയാസപ്പെടുന്നു.

പതിനേഴ് അക്ഷരങ്ങളെകൊണ്ട് വിശദമായ ഒരു സന്ദേശം കൊടുക്കാൻ കഴിയുക എന്നാണു ഹൈക്കു കവികളുടെ വിജയം/സവിശേഷത. എന്നാൽ വളരെ ബുദ്ധിമുട്ടുള്ള ഒരു അഭ്യാസമാണിത്. ജപ്പാനിൽ ഹൈക്കു കവിതകൾ അവയുടെ സരളത, സ്പഷ്ടത, ആഴം(തീവ്രത), ജ്ഞാനം എന്നിവകൊണ്ട് വിലമതിക്കപ്പെടുന്നു. ഇതിന്റെ ശിൽപ്പഘടനയെക്കുറിച്ചുള്ള നിയമങ്ങൾ താഴെ പറയുന്നപോലെയാണു്.

1. പതിനേഴ് അക്ഷരങ്ങളിൽ ഒതുക്കി നിർത്തുക,
2. അഞ്ച്, ഏഴു, അഞ്ച് എന്നീ കണക്കിൽ മൂന്നു വരികളിൽ എഴുതുക.
3. ഉപമകളും, രൂപാലങ്കാരങ്ങളും ഒഴിവാക്കുക.
4. ഒരാണ്ടിലെ ഏതെങ്കിലും ഋതുവിനെ പരാമർശിക്കുക.( ഋതുക്കളെ കുറിച്ച് ഒരു വാക്ക്

(ഇതിനെ കിഗൊ എന്ന് പറയുന്നു) ഹൈക്കു കവിതകളിൽ ഉണ്ടായിരിക്കണം,. ഉദാഹരണത്തിനു മഞ്ഞ് എന്ന വാക്ക് തണുപ്പ്കാലത്തേയും, പുഷിപ്പിക്കുക എന്ന വാക്ക് വസന്തകാലത്തേയും സൂചിപ്പിക്കുന്നു.)

ഹൈക്കു കവിതകൾ എന്തിനെക്കുറിച്ചുമാകാം എന്നാൽ വിരളമായേ അവ സങ്കീർണ്ണമോ, ദുഷ്കരമോ ആകുന്നുള്ളു. പഞ്ചേന്ദ്രിയങ്ങളിൽ ഒന്നിനെ ആകർഷിക്കുന്ന പ്രബലമായ ഒരു ആശയമോ അല്ലെങ്കിൽ അതിനെ പ്രഭാവമേൽപ്പിക്കുന്ന എന്തെങ്കിലും പ്രയോഗമോ ഹൈക്കു കവിതകളിൽ കാണാവുന്നതാണ്. ഹൈക്കു കവിതകൾ വിവരണാത്മകമല്ല. ഹൈക്കുവിൻ വിവരിക്കാൻ സമയമില്ല. വിവരണത്തിൻെറ ഒരു വിത്ത് അത് വായനക്കാരനു നൽകുന്നു. വായനക്കാരൻ അതിനെ മരമക്കാക്കുകയോ, പൂന്തോട്ടമാക്കുകയോ ഒക്കെ ചെയ്യുന്നു. നാരായണൻ രഘുനാഥൻ പറയുന്നു. വാസ്തവത്തിൽ ഓരോ നിമിഷവും ഹൈക്കുവിനുള്ള നിമിഷങ്ങളാണു. വാക്കുകളില്ലാതെ അവ നിത്യതയിൽ അപ്രത്യക്ഷമാകുന്നു. നിത്യതയിൽ അലിഞ്ഞ് ചേരുന്ന ഒരു നിമിഷത്തിൻെറ അനിർവ്വചനീയമായ ആനന്ദത്തെ അനുഷ്ഠാനുപരമായ ഒരു ചൂണ്ടിക്കാട്ടലാണത്രെ ഹൈക്കു.

യാഥാർത്ഥ്യങ്ങൾ യാതൊരു വ്യത്യാസവും കൂടാതെ അവ പ്രത്യക്ഷപ്പെടുന്നപോലെ വെളിപ്പെടുത്തുന്നതാണത്രെ ഹൈക്കു. ഹൈക്കുവിൻെറ ചരിത്രവും രൂപഘടനയും വിശദമാക്കുന്ന സൈറ്റുകൾ തമിഴിൽ സുലഭമാണ്. വില്യം ഹിഗിൻസിൻെറ ഹൈക്കുവിനെ കുറിച്ചുള്ള സംഗ്രഹഗ്രന്ഥമാണ് തമിൾ ഹൈക്കു എഴുത്തുകാർ കൂടുതലായി ഉപയോഗിക്കുന്നത്. ഹൈക്കുവിൻെറ രചനയെക്കുറിച്ചുള്ള നിയമങ്ങൾ അറിയാതെ എഴുതുന്നത് വലയില്ലാതെ ടെന്നിസ് കളിക്കുന്നപോലെയാണെന്ന റോബർട്ട് ഫ്രോസ്റ്റിൻെറ വ്യാഖ്യാനത്തെ അവർ വിലമതിക്കുന്നു. അതേസമയം ഹൈക്കു വളർത്തികൊണ്ടു വന്ന ബാഷൊ വിശ്വസിച്ചിരുന്നപോലെ നിയമങ്ങൾ അറിയുകയും അതിനുശേഷം അവ മറക്കുകയും ചെയ്യുക എന്ന രീതിയും അവർ പിൻ തുടരുന്നു.

ഭാരതത്തിൽ ഇപ്പോൾ ഹൈക്കു കമ്പമാണ്. ഒരു വ്യാപാരി അയാളുടെ സാരികളെ "ഹൈക്കു സാരികൾ" എന്ന് വിശേഷിപ്പിച്ചത്രെ. പതിനേഴ് അക്ഷരങ്ങളുള്ള ഹൈക്കുവിനെപോലെ പതിനെട്ട് മുഴമുള്ള സാരികൾ.

(തുടരും)